


- ഡോ. എ.ഐ. വിലായത്തുല്ല

**വി**ദ്യാഭ്യാസത്തിന്റെ പ്രാധാന്യം വിശദീകരിച്ചുകൊടുക്കേണ്ടിവരുന്ന സമൂഹം ലോകത്ത് വിരളമായിരിക്കും. സജീവവും വൈവിധ്യമാർന്നതുമായ മേഖലയാണ് ഇന്ന് വിദ്യാഭ്യാസം. കുട്ടികൾക്ക് നേടിക്കൊടുക്കേണ്ട വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ആലോചനകൾകൊണ്ട് മനോവിഭ്രാന്തി പൂണ്ട് കഴിയേണ്ടിവരുന്ന രക്ഷിതാക്കളിൽ പലരുടെയും പ്രതിസന്ധി സാമ്പത്തികമല്ല. മറിച്ച് അതിവേഗം മാറിക്കൊണ്ടിരിക്കുന്ന സാമൂഹ്യ സാമ്പത്തികക്രമത്തിൽ കാലഹരണപ്പെടാത്തവിധത്തിലുള്ള തൊഴിൽ മേഖലകൾ ഉറപ്പുവരുത്തുവാൻ പറ്റിയവിധമുള്ള വിദ്യഭ്യാസം നൽകുകയെന്നതാണ്.



അറിവ് ശക്തിയും അധികാരവുമൊക്കെയാണെന്നും അജ്ഞത ദൗർബല്യവും അധികാരമില്ലായ്മയുമാണ് എന്നും ഏറെക്കുറെ എല്ലാവരും മനസ്സിലാക്കിയിരിക്കുന്നു. ഈ ദിശയിലുള്ള ചിന്ത വിദ്യാഭ്യാസ പരിശ്രമങ്ങളെ അതിന്റെ മൗലികലക്ഷ്യങ്ങളിൽ നിന്നും ഏറെ അകറ്റിയിരിക്കുന്നുവെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല.

വിദ്യാഭ്യാസം എന്തിന്വേണ്ടിയാണ്? എന്താണ് പഠിക്കേണ്ടത്? എങ്ങിനെയാണ്പഠിക്കേണ്ടത്? അറിവ് നേടുന്നതിന്റെ ആത്യന്തികലക്ഷ്യമെന്ത്? തുടങ്ങിയ കാര്യങ്ങളിൽ വ്യക്തമായ കാഴ്ചപ്പാട് കൈമോശം വന്നിരിക്കുന്നുവെന്നു തന്നെ വേണം കരുതാൻ. ഈ വിഷയങ്ങളിൽ ഇസ്ലാം തരുന്ന വെളിച്ചമെന്താണ് എന്നന്വേഷിക്കുന്നത് ഒരു പുന:പരിശോധന എളുപ്പമാക്കിയേക്കും.

വിശാലമായ തലത്തിൽനിന്ന് വീക്ഷിക്കുമ്പോൾ ചില കഴിവുകൾ ആർജ്ജിക്കാനും തന്നെക്കുറിച്ചും താനുൾക്കൊള്ളുന്ന ലോകത്തെക്കുറിച്ചും അറിയാനും മനസ്സിലാക്കാനുമൊക്കെ മനുഷ്യൻ നടത്തുന്ന മുഴുവൽ പ്രയത്നങ്ങളും വിദ്യാഭ്യാസംതന്നെയാണ്. മനുഷ്യകുലം സാമൂഹ്യമായ ഒരു അസ്തിത്വമായി മാറിയതുമുതൽക്കാവണം സംഘടിതമായ വിദ്യാഭ്യാസം ആരംഭിച്ചിരിക്കുക. നാഗരികതയുടെ തുടക്കത്തിൽ മനുഷ്യൻ ഭാഷ സ്വായത്തമാക്കി ഉപയോഗിച്ചു തുടങ്ങിയതാവണം മനുഷ്യസമൂഹങ്ങളിലെ വിദ്യാഭ്യാസ സംരംഭങ്ങളുടെ തുടക്കം. ഏതെങ്കിലും വളർച്ചയെത്തിയ ഭാഷ രൂപപ്പെടുന്നതിന് വളരെ മുമ്പുതന്നെ ഈ പ്രക്രിയ തുടങ്ങിയിരിക്കും.

തെളിമയാർന്ന നിലപാടാണ് ഇസ്ലാമിന് വിദ്യാഭ്യാസവിഷയത്തിലുള്ളത്. ‘വിദ്യാഭ്യാസം’ മാനവകുലത്തിന് ലഭിക്കുന്നത് ആദ്യമായി അവരുടെ രക്ഷിതാവിൽനിന്നുതന്നെയാണ്. മനുഷ്യസൃഷ്ടിപ്പിന്റെ ബാഹ്യമായ പൂർത്തീകരണമെന്ന നിലയ്ക്കാണ് വിദ്യാഭ്യാസം അവനു നൽകപ്പെട്ടിരിക്കുന്നത്. മനുഷ്യനെ ഇതരസൃഷ്ടികളിൽ നിന്ന് വ്യതിരിക്തനും ഉന്നതനുമാക്കിയത് ഈ അനുഗ്രഹംതന്നെയാണല്ലോ. മനുഷ്യകുലത്തിന്റെ ആദിമഗുരു അവരുടെ സ്രഷ്ടാവ് തന്നെ.

“അവൻ (അല്ലാഹു) ആദമിന് നാമങ്ങളെല്ലാം പഠിപ്പിച്ചു. പിന്നീട് ആ പേരിട്ടവയെ അവൻ മലക്കുകൾക്ക് കാണിച്ചു. എന്നിട്ടവൻ ആജ്ഞാപിച്ചു: നിങ്ങൾ സത്യവാന്മാരാണെങ്കിൽ ഇവയുടെ നാമങ്ങൾ എനിക്ക് പറഞ്ഞുതരു” (വി.ഖുർ ആൻ 2:31)



ഭാഷയും ആശയങ്ങളും ഒന്നിക്കുന്ന വൈജ്ഞാനിക പ്രപഞ്ചമാണ് മനുഷ്യനുമുമ്പിൽ സൃഷ്ടാവ് തുറന്നുവച്ചത്. അതൊരു തുടക്കം മാത്രം. നാഗരിക വളർച്ചയുടെ സുദീർഘ ചരിത്രത്തിലുടനീളം മനുഷ്യൻ ചെയ്തുകൊണ്ടിരിക്കുന്നത് ഈ വിദ്യാഭ്യാസത്തിന്റെ തുടർച്ചയാണ്. ആശയ പ്രതിഭാസ ങ്ങളുടെ സൂക്ഷ്മമായ പല നിഗൂഢതകളും അവൻ കണ്ടെത്തുന്നു. എന്നിട്ടവയെ സൂക്ഷ്മമായി വേർതിരിച്ച്കൊ ണ്ട് പേര് വിളിക്കുന്നു. (Nomenclature). മാലഖമാരെ സ്തബ്ധരാക്കിയത് മനുഷ്യന് നൽകപ്പെട്ട ഈ കഴിവിന്റെ വിസ്മയകരങ്ങളായ സാധ്യതകൾ തന്നെയായിരിക്കണം.

മനുഷ്യൻ മാത്രമാണ് സ്വയം ആർജ്ജിച്ച് അനുഭവവിജ്ഞാനം തലമുറകളുടെ ഉപയോഗത്തിനുവേണ്ടി സൂക്ഷിച്ചുവെക്കുന്നതും കൈമാറുന്നതും. വിശിഷ്ടമായ ഈ കഴിവ് മനുഷ്യന് നൽകിയതിനാലാണല്ലോ ഇബ് ലീസ് പ്രകോപിതനായി സൃഷ്ടാവിനെ ധിക്കരിക്കാൻ ധാർഷ്ട്യം കാണിച്ചത്. ഈ ഉൽകൃഷ്ടവിശേഷമായ അനുഗ്രഹത്തിലൂടെ മനുഷ്യൻ നേടാനിരിക്കുന്ന, അവന്റെ മുന്നിൽ തുറന്നുകിട്ടുന്ന അനന്തസാധ്യതകൾ ധിക്കാരിയായ ഇബ് ലീസിനെ പ്രകോപിപ്പിച്ചതിൽ അത്ഭുതമില്ല. കേവലമായ നാമങ്ങളല്ല മനുഷ്യനെ അല്ലാഹു പഠിപ്പിച്ചതെന്നു വ്യക്തമാണ്. അതിന് വ്യാപകമായ അർത്ഥസാധ്യതകളുണ്ട്. വസ്തുക്കളെ പേരുവിളിച്ച് സ്വഭാവവും പ്രത്യേകതകളുമനുസരിച്ച് വർഗീകരിച്ച് അവയുടെ മുന്നോട്ടും പിന്നോട്ടും ബുദ്ധിപരമായ അന്വേഷണങ്ങൾ നടത്തി ഒരു ആശയപ്രപഞ്ചം തന്നെ സൃഷ്ടിക്കാൻ വേണ്ട കഴിവാണ് അതിലടങ്ങിയിരിക്കുന്നത്. ഇത് തിരിച്ചറിഞ്ഞതിനാലാണ് വിനയാന്വിതരായ മാലാഖമാർ നിനക്ക് സ്ത്രോത്രം, നീ പഠിപ്പിച്ചു തന്നതല്ലാത്ത യാതൊരൊറിവും ഞങ്ങൾക്കില്ല, നീ തന്നെയാണ് സർവ്വജ്ഞനും അഗാധജ്ഞാനിയും“ (വി.ഖു. 2:32) എന്ന് പറഞ്ഞുകൊണ്ട് അല്ലഹുവിന്റെ കല്പന അക്ഷരം പ്രതി അനുസരിച്ച് ആദമിന് സാഷ്ടാംഗം നമിച്ചത്.

“നീ പഠിപ്പിച്ചുതന്നതല്ലാത്ത യാതൊരറിവും ഞങ്ങൾക്കില്ല” എന്ന് മാലഖമാർ ഉരുവിട്ടത് ശ്രദ്ധേയമാണ്. മനുഷ്യന്റെ കാര്യത്തിലും ഇത് ശരിതന്നെയാണ്. പക്ഷെ മലക്കുകളുടേതു പോലെ കേവലമായ അറിവല്ല മനുഷ്യർക്ക് നൽകപ്പെട്ടിരിക്കുന്നത്. മറിച്ച് അറിവ് നേടാനുള്ള രീതിശാസ്ത്രമാണവന് നൽകപ്പെട്ടിരിക്കുന്നത്. ഇത് വളർച്ചയും അനുസ്യൂതതയും ഉൾക്കൊള്ളുന്ന ഒരു വലിയ പ്രതിഭാസമാണ്. മാലാഖമാർക്ക് നൽകപ്പെട്ട അറിവിൽനിന്ന് ഏറെ വ്യത്യസ്തവും വിഭിന്നവുമാണ്. നാഗരിക ചരിത്രത്തിലുടനീളം മനുഷ്യൻ ആർജ്ജിച്ച മുഴുവൻ ശാസ്ത്ര, സാങ്കേതിക, വൈജ്ഞാനിക നേട്ടങ്ങളും ഈ അനുഗ്രഹത്തിന്റെ പ്രതിഫലനങ്ങൾ മാത്രമാണ്. വിവിധ ഭാഷാ, സംസ്കാരങ്ങളിലായി മനുഷ്യൻ ഭൂമുഖത്ത് നേടിയ വിദ്യാഭാസം ഈ അനുഗ്രഹത്തിന്റെ വിശാലമായ സഫലീകരണമാണെന്ന് കാണാം.

വേറൊരു നിലക്ക്, മനുഷ്യന്റെ വിദ്യാഭ്യാസ-വൈജ്ഞാനിക പ്രവർത്തനങ്ങൾ സാമാന്യമായി പറഞ്ഞാൽ അവന്റെ ചുറ്റുപാടുകളിലുള്ള വസ്തുക്കളെയും പ്രതിഭാസങ്ങളെയും വർഗീകരിച്ചു പേരിടുക എന്നതുതന്നെയായിരുന്നില്ലേ? ഇന്നും തുടരുന്നതും അതുമാത്രമല്ലേ? അവന്റെ സകലമാന വിശ്വവിജ്ഞാനവും ഈ പേരിടൽ മാത്രമല്ലേ? വർഗീകരണവും നാമകരണവും മുഖേന നേടിയ തിരിച്ചറിവുകൾ അവന്റെ നാഗരിക വളർച്ചയെ എളുപ്പമാക്കി. ഒരുപാട് ജീവിതസൗകര്യങ്ങൾ ഉണ്ടാക്കിയെടുക്കൻ അവനെ സഹായിച്ചു എന്നത് ഈ നിഗമനത്തിന്റെ മറ്റൊരു വശം മാത്രം.

ഇസ്ലാമിന്റെ വീക്ഷണകോണിലൂടെ പരിശോധിക്കുമ്പോൾ, മനുഷ്യന്റെ വിദ്യാഭ്യാസപ്രക്രിയയുടെ മൂലസ്രോതസ് അല്ലാഹുതന്നെയാണ്. തലമുറകളിലൂടെയായുള്ള അതിന്റെ ക്രമപ്രവൃദ്ധമായ വളർച്ചയും പൂർണ്ണമായും അല്ലഹുവിന്റെ വ്യവസ്ഥയും ഇച്ഛയും അനുസരിച്ചുമാത്രമാണ് സംഭവിക്കുന്നത്. “ആവശ്യമാണ് കണ്ടുപിടുത്തങ്ങളുടെ മാതാവ്” എന്ന് പറയാറുണ്ടല്ലോ. ഇതിൽ കഴമ്പുണ്ട്. ആവശ്യങ്ങളെയും കണ്ടുപിടുത്തങ്ങളെയും ബന്ധിപ്പിക്കുന്ന ദൈവികരീതി അതിവിചിത്രമാണെന്ന് ചരിത്രത്തിന്റെ ഓരോ ഏടും നമുക്ക് വ്യകതമാക്കിത്തരുന്നുണ്ട്.

ഇത് ഇസ്ലാമിന്റെ കാര്യം. ഇനി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ നാഗരികതകളോടനുബന്ധിച്ച് വളർന്നുവന്ന വിദ്യാഭ്യാസ സമ്പ്രദായങ്ങളുടെ ചരിത്രം വ്യക്തമാക്കുന്നത് ഇവയൊക്കെയും ഉടലെടുത്തത് മതപരമായ താല്പര്യങ്ങളിൽനിന്നും കൂട്ടായ്മയിൽനിന്നുമാണ് എന്നതാണ്. യൂഫ്രട്ടീസ്-ടൈഗ്രീസ്, നൈൽ തുടങ്ങിയ നദീതട സംസ്കാരങ്ങളുൾപ്പടെയുള്ള ലോകത്തിലെ പഴക്കംചെന്ന നാഗരികതകളുടെ ചരിത്രം ഇത് ശരിവെക്കുന്നു. പൗരാണിക ഭാരതീയ വിദ്യാഭ്യാസവും പാശ്ചാത്യ-യഹൂദ-ക്രിസ്ത്യൻ ലോകവിദ്യാഭ്യാസവും തുടക്കത്തിൽ പൂർണ്ണമായും മതപരമായിരുന്നുവെന്നതാണ് വസ്തുത. എന്നല്ല, മതപ്രോക്തമല്ലാത്ത ഉത്ഭവമുള്ള ഏതെങ്കിലും വിദ്യാഭ്യാസക്രമം കാണുക തന്നെ പ്രയാസമാണ്.



ഇസ്ലാമേതര സമൂഹങ്ങളിൽ ഇന്ന് പക്ഷെ വിദ്യാഭ്യാസം കേവലം ലൗകികമായ ഒരു പ്രയത്നമായി അധ:പതിച്ചിരിക്കുന്നുവെന്നു കാണാം. യൂറോപ്യൻ സമൂഹത്തിൽ സംഭവിച്ച വിദ്യാഭ്യാസത്തിന്റെ മതേതരവല്ക്കരണം ഇസ്ലാമികസമൂഹങ്ങളിലേക്ക് അതിവേഗം സംക്രമിച്ചുകൊണ്ടിരിക്കുകയാണ്. ആധുനിക പാശ്ചാത്യൻ സമൂഹങ്ങളിൽ ഉടനീളം പ്രകടമായ ലക്ഷ്യരാഹിത്യം, മൂല്യച്യുതി, ധാർമ്മികത്തകർച്ച തുടങ്ങിയ പ്രതിസന്ധികൾക്ക് ലളിതമായകാരണം വിദ്യാഭ്യാസത്തിന്റെ മതബന്ധങ്ങളെ മുറിച്ചുമാറ്റിക്കൊണ്ടുള്ള ഭൗതികവൽക്കരണത്തിലും മതേതരവൽക്കരണത്തിലും കാണാം. ശാസ്ത്രസാങ്കേതികമേഖലയിലും വിവരസാങ്കേതികതയിലും കൈവരിച്ച നേട്ടങ്ങൾ മനുഷ്യന്റെ കണ്ണുകൾക്ക് കൂടുതൽ വെളിച്ചം പകരുന്നതിന് പകരം മഞ്ഞളിപ്പിക്കുകയാണ് ചെയ്തത്.

നവോത്ഥാനത്തെ തുടർന്ന് ശാസ്ത്ര-സാങ്കേതിക-വൈജ്ഞാനികമേഖലയിൽ യൂറോപ്പ് കൈവരിച്ച നേട്ടങ്ങൾ യൂറോപ്യൻ ക്രൈസ്തവതയെ കൊണ്ടെത്തിച്ചത് ചെറിയ പ്രതിസന്ധിയിലല്ല. ശാസ്ത്രലോകത്തിന്റെ കാര്യകാരണസമീപനവും യുക്തിചിന്തയും ക്രിസ്തുമതത്തിന്റെ അടിത്തറതന്നെ തകർക്കുവാൻ പോന്നതായിരുന്നു. നൂറ്റാണ്ടുകളിലൂടെ ദൈവികസന്ദേശത്തെ മാറ്റിമറിച്ച് സ്വന്തം ഇച്ഛക്കനുസരിച്ച് തിരുത്തിയെഴുതിയ ക്രൈസ്തവപൗരോഹിത്യത്തിനുമുമ്പിൽ വെളിപ്പെട്ട ഏക പോംവഴി പ്രയോഗികതയുടെതുമാത്രമായിരുന്നു. മതത്തെ ലൗകികകാര്യങ്ങളുമായി കൂട്ടിക്കലർത്താതിരിക്കുക. മത കാര്യങ്ങളിൽ അന്ധമായി വിശ്വസിക്കുക. വൈജ്ഞാനിക കാര്യങ്ങളിൽ സ്വീകരിക്കപ്പെടുന്ന കാര്യകാരണയുക്തിചിന്ത മതത്തിലേക്ക് കൊണ്ടുവരാതിരിക്കുക. ശാസ്ത്രകാരന്മാർ അവരുടെ അന്വേഷണം തുടരട്ടെ. മതം അതിന്റെ മേഖലയിൽ കഴിയട്ടെ. ഈ പകുത്തെടുക്കുന്ന രീതിയാണ് വിജ്ഞാനധാരകളെ പരസ്പരം കെട്ടുപിണഞ്ഞുകിടക്കുന്ന പഴയ മതകീയ രീതിയെ (interdisciplinary) കയ്യൊഴിച്ച് പഠനമേഖലകളെ വർഗ്ഗീകരണം നടത്തി പരസ്പരമുള്ള ഇടപെടലുകൾക്കവസരമില്ലാത്തവിധമുള്ള വാട്ടർ ടൈറ്റ് (water tight) കംപാർട്ടുമെന്റുകളാക്കി മാറ്റുന്ന അവസ്ഥയിലെത്തിച്ചത്. ഇതിന്റെ പരിണിതി പ്രവാചനാതീതമായിരുന്നില്ല. ഭൗതിക ശാസ്ത്രജ്ഞനോ, ഗണിതശാസ്ത്രജ്ഞനോ ജീവശാസ്ത്രജ്ഞനോ ശാസ്ത്രമേഖലക്കപ്പുറത്തേക്ക് തന്റെ പ്രയത്നങ്ങളെ ബന്ധിപ്പിക്കനായില്ലെന്നു മാത്രമല്ല വൈജ്ഞാനികതക്കുപരിയായ മാനവികതയോ അതിലുപരിയായ ലക്ഷ്യങ്ങളോ അയാളുടെ ദൃഷ്ടിയിൽ ഇല്ലാതാവുകകൂടി ചെയ്തു. ഈ മേഖലയിൽ പ്രവർത്തിക്കുന്നവരിൽ ഇത് വലിയ അന്ധതതന്നെയാണ് സൃഷ്ടിച്ചത്. പിൽക്കാലത്ത് ഈ മേഖലയിലുണ്ടായ പല അപകടങ്ങളുടെയും കാരണങ്ങൾ ഓളിഞ്ഞുകിടക്കുന്നത് ഈ പ്രതിസന്ധിയിലാണ്.

ആധുനികകാലഘട്ടത്തിലെ വൈജ്ഞാനികലോകത്തിന്റെ കുത്തകക്കാർ എന്ന നിലക്ക് പാശ്ചാത്യർ സ്പർശിച്ചതിലെല്ലാം ഈ പ്രതിസന്ധിയും അവർ സൃഷടിച്ചിട്ടുണ്ട്. അവരുടെ വിദ്യാഭ്യാസരീതികൾ സമീപദശകങ്ങളിൽ മുസ്ലിം ലോകത്തും വലിയ പ്രചാരം നേടിക്കൊണ്ടിരിക്കുകയാണ്. ഭൗതികതയും മതേതരത്വവും സൃഷ്ടിച്ച പ്രശ്നങ്ങളും സമാന്തരമായി ഇവിടങ്ങളിലും കണ്ടുതുടങ്ങിയിരിക്കുന്നു. പാശ്ചാത്യൻ വിദ്യാഭ്യാസത്തിന് പുറകെയോടുന്നവർ അതിന്റെ ഒഴിച്ചുകൂടാനവാത്ത ദുരന്തഫലങ്ങളെക്കുറിച്ച് വേണ്ടത്ര ബോധവാന്മാരല്ല. ഇസ്ലാമികസമൂഹത്തെ സംബന്ധിച്ചിടത്തോളം ക്രിസ്തുമതത്തെക്കുറിച്ച് നേരത്തെ സൂചിപ്പിച്ച രീതിയിലുള്ള പാപ്പരത്തം ഇല്ല. പക്ഷെ വിദ്യാഭ്യാസലക്ഷ്യങ്ങളെക്കുറിച്ചുള്ള ഇസ്ലാമിന്റെ തെളിമയാർന്ന നിലപാടുകൾ മുസ്ലിം ലോകം വിസ്മരിക്കുന്നുണ്ടെന്നത് തീർച്ച.

അന്ധകാരങ്ങളിൽനിന്ന് മനുഷ്യനെ വെളിച്ചത്തിലേക്ക് നയിക്കുകയെന്നതാണല്ലോ ഇസ്ലാമിന്റെ ലക്ഷ്യം. അതിനാൽതന്നെ തെളിമയാർന്ന കാര്യകാരണചിന്തയും സുതാര്യതയുള്ള വിശകലനവുമാണ് മതകാര്യങ്ങളിലെന്നപോലെ ശാസ്ത്ര-വൈജ്ഞാനികകാര്യങ്ങളിലും ഇസ്ലാം ലക്ഷ്യമാക്കുന്നത്. അന്ധമായി ഏന്തിലെങ്കിലും വിശ്വസിക്കുവാൻ ഇസ്ലാം ആരോടും ആവശ്യപ്പെടുന്നില്ല. മറിച്ച് സ്വന്തം ബുദ്ധിയെ ഉപയോഗപ്പെടുത്തി പ്രകൃതിയാഥാർത്ഥ്യങ്ങളുടെ നിഗൂഢതകളിലടങ്ങിയ ദൃഷ്ടാന്തങ്ങളിൽനിന്ന് പാഠമുൾക്കൊണ്ട് ഋജുവായ വിശ്വാസത്തിലേക്ക് കടന്നുവരാനാണ് ആഹ്വാനം ചെയ്യുന്നത്. വിദ്യാഭ്യാസത്തെ ഈ ആഹ്വാനത്തോടുള്ള പ്രതികരണമായിട്ടാണ് ഇസ്ലാം കാണുന്നത്. “അറിവു നേടൽ ഓരോ മുസ്ലിമിനും നിർബ്ബന്ധമാണ്” എന്ന നബിവചനത്തിന്റെ സൂചനയും ഇതുതന്നെ. വൈജ്ഞാനികാന്വേഷണത്തിന് വിമുഖത കാണിക്കുകയെന്നത് തീർത്തും അനിസ്ലാമികമായ നിലപാടാണ്. വൈജ്ഞാനികാന്വേഷണത്തിന് ഇസ്ലാം യാതൊരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ല. “വിജ്ഞാനം വിശ്വാസിയുടെ കളഞ്ഞുപോയ മുത്താണ്”. “അത് കാണുന്നിടത്ത് നിന്ന് തിരിച്ചുപിടിക്കുക അവന്റെ അവകാശമാണ്”. “ചൈനയിൽ പോയി പോലും അറിവ് നേടുക”എന്നൊക്കെയാണ് പ്രവചക (സ.അ) ന്റെ അധ്യാപനങ്ങൾ.



ശാസ്ത്ര-സാങ്കേതികനേട്ടങ്ങളുടെ ഉച്ചിയിൽ നിലകൊള്ളുമ്പോഴും സാമൂഹിക-ധാർമ്മിക ജീവിതത്തിൽ വെളിച്ചം നഷ്ടപ്പെട്ടവനായി ജീവിക്കാൻ പാശ്ചാത്യൻ ഇടയായതെങ്ങനെയെന്ന് പരിശോധിക്കുമ്പോഴാണ്, വിജ്ഞാനസമ്പാദനത്തിന് ഇസ്ലാം വെച്ചിരിക്കുന്ന ചിട്ടകളും അതിന്റെ ലക്ഷ്യമായി ഇസ്ലാം  എണ്ണിയിരിക്കുന്ന കാര്യങ്ങളും എത്രമാത്രം പ്രസക്തമാണെന്ന് നമുക്ക് മനസ്സിലാവുക. “ഉപകാരപ്രദമായ അറിവു വർദ്ധിപ്പിച്ച് തരേണമെ” എന്ന് പ്രാർത്ഥിക്കുവാനാണ് റസൂൽ (സ.അ) ഉപദേശിച്ചിട്ടുള്ളത്. എന്താണ്പഠിക്കേണ്ടത് എന്ന പഠിതാവിന്റെ അന്വേഷണത്തിനുള്ള ഉത്തരമാണിത്.

**സൃഷ്ടിച്ചവനായ നിന്റെ രക്ഷിതാവിന്റെ നാമത്തിൽ വായിക്കുക.**
**മനുഷ്യനെ അവൻ ഭ്രൂണത്തിൽ (ഒട്ടിപ്പിടിച്ചു നിൽക്കുന്ന) നിന്ന് സൃഷ്ടിച്ചിരിക്കുന്നു.**
**നീ വായിക്കുക, നിന്റെ രക്ഷിതാവ് പേനകൊണ്ട് പഠിപ്പിച്ചവനായ ഏറ്റവും ഔദാര്യവാനാകുന്നു.**
**മനുഷ്യന് അറിയാത്തത് അവൻ പഠിപ്പിച്ചിരിക്കുന്നു.**
**നിസ്സംശയം, മനുഷ്യൻ തന്നെത്തന്നെ സ്വയംപര്യാപതനായിക്കണ്ടതിനാൽ ധിക്കാരിയായിത്തീർന്നിരിക്കുന്നു.**
**തീർച്ചയായും നിന്റെ രക്ഷിതാവിന്റെ അടുക്കലേക്കാണ് മടക്കം**
(വി.ഖു 96: 1-8)

വിശുദ്ധ ഖുർആന്റെ ആദ്യമായി അവതരിച്ച വരികളാണ് മുകളിലുദ്ധരിച്ചവ. മനുഷ്യന്റെ വിദ്യാഭ്യാസാന്വേഷണത്തിന്റെ അന്ത:സത്ത ഈ വരികളിൽ നിന്ന് വ്യക്തമാകുന്നുണ്ട്. വായനയുടെയും പഠനത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും പൊതുവിലുള്ള രീതിശാസ്ത്രമാണ് “നിന്റെ രക്ഷിതാവിന്റെ നാമത്തിൽ വായിക്കുക” എന്നത് വിശദീകരിക്കുന്നത്. മാർഗ്ഗഭ്രംശം സംഭവിക്കാത്ത വിദ്യാഭ്യാസം സ്വന്തം സ്രഷ്ടാവിന്റെ നാമത്തിലുള്ളതാണ്. സ്വന്തം ഉൽപ്പത്തിയെക്കുറിച്ചും അസ്തിത്വത്തെക്കുറിച്ചുമുള്ള വ്യക്തമായ ബോധം നേടലാണ് വായനയുടെയും വിദ്യാഭ്യാസത്തിന്റെയും പ്രഥമലക്ഷ്യങ്ങളിലൊന്ന്. ആലേഖന സംവിധാനങ്ങൾ പലതും ഉപയോഗിച്ച് ഭൂമുഖത്ത് അവന്റെ അനുഭവചരിത്രം കുറിച്ചുവെച്ചവനാണ് മനുഷ്യൻ. പേനയുടെ ഉപയോഗം പഠിപ്പിച്ച രക്ഷിതാവിനെ സ്തുതിച്ചുകൊണ്ട് അവൻ നിർവ്വഹിക്കേണ്ടത് തന്റെ പൂർവ്വചരിത്രത്തെക്കുറിച്ചുള്ള പഠനമാണ്. തനിക്കുപകരിക്കുന്ന, തന്റെ സമൂഹത്തിനുപകരിക്കുന്ന, തനിക്കറിയാത്ത എന്തും മനുഷ്യൻ പഠിക്കേണ്ടിയിരിക്കുന്നു. ഒറ്റ നിബന്ധനമാത്രം, തന്റെ പരിമിതമായ ജ്ഞാനം മനുഷ്യനെ അഹങ്കാരിയാക്കി മാറ്ററുത്. താൻ എന്തിനും പോന്നവനാണെന്ന ഔന്നത്യം അവനിലുണ്ടാക്കരുത്. അത് അവനെ ധിക്കാരിയാക്കും. അവനെ നഷ്ടകാരിയാക്കും. കാരണം, സുനിശ്ചിതമായും അവന്റെ മടക്കം അല്ലാഹുവിലേക്കാണ്.

വിദ്യാഭ്യാസനേട്ടങ്ങളുടെ ഉച്ചിയിൽ നില്ക്കുന്ന പാശ്ചാത്യൻ സമൂഹത്തെ നശിപ്പിച്ചുകൊണ്ടിരിക്കുന്നത് ഈ ഔന്നത്യം (self complacence) തന്നെയാണെന്ന് മനസ്സിലാക്കാൻ ഏതൊരു നിരീക്ഷകനും സാധിക്കും.



ചുരുക്കത്തിൽ വൈവിധ്യങ്ങളും നിഗൂഢതകളും ചുഴ്ന്നുനിൽക്കുന്ന ഈ പ്രപഞ്ചത്തിൽ മനുഷ്യൻ നടത്തുന്ന ഏത് അന്വേഷണവും, കൈവരിക്കുന്ന ഏത് വിദ്യാഭ്യാസവും തന്റെ സ്രഷ്ടാവിന്റെ സൃഷ്ടിവൈഭവത്തിന്റെ രഹസ്യങ്ങൾ അറിയുവാനുള്ള പ്രയത്നമായിട്ടാണ് വരിക. ഭാഷയും കലയും സാഹിത്യവും തൊട്ട് ശാസ്ത്രവും സാങ്കേതികവിദ്യയും സാമൂഹ്യശാസ്ത്രവും ഉൾപ്പടെയുള്ള മുഴുവൻ വിജ്ഞാനശാഖകളെയും കോർത്തിണക്കുന്ന ഒരു വലിയ ഘടകം. ഇവയൊക്കെ ശുദ്ധ പ്രകൃതിയോടെ വിശകലനം ചെയ്യാൻ ശ്രമിക്കുന്നവനെ നയിക്കുക സ്വന്തം സൃഷ്ടവിനെക്കുറിച്ചുള്ള തിരിച്ചറിവിലേക്കാണ് എന്നതാണ്.

സഹസ്രാബ്ദങ്ങളിലൂടെ മനുഷ്യൻ സ്വയത്തമാക്കിയ ഏതെങ്കിലും ഒരു വിജ്ഞാനശാഖയെങ്കിലും ഇതിന്നപവാദമായിട്ടില്ല എന്നതാണ് സത്യം. സംഗീതത്തിന്റെ സ്വരമാധുരിയിലും ഭാഷാശാസ്ത്രത്തിന്റെ ചരിത്രകൗതുകങ്ങളിലും ജനിതകശാസ്ത്രത്തിലും വിവരസാങ്കേതികതയിലും ഒക്കെ ഒരുപോലെ അനുഭവപ്പെടുന്നത് സ്രഷ്ടാവായ അല്ലാഹ്ഹുവിന്റെ ചൈതന്യമാണ്. ഈ ചൈതന്യം അനിഭവിച്ചറിയാൻ ഏത് വിജ്ഞാനമേഖലയിൽ പ്രവേശിക്കുന്നവനും സാധിക്കും.

**“സൃഷ്ടിച്ചവാനായ രക്ഷിതാവിന്റെ നാമത്തിൽ ” വായിക്കാൻ സന്നദ്ധനാവണം.**

ഈ ചൈതന്യം അനുഭവിച്ചറിയാത്ത അന്വേഷകനും വിദ്യാർത്ഥിയും ഒന്നും പഠിക്കുന്നില്ല. ഒന്നും നേടുന്നുമില്ല. കാരണം അവന്റെ സാങ്കേതികമായ അറിവ് ചൈതന്യവത്തായ ഒരു വെളിച്ചമായി പരിവർത്തിപ്പിക്കുന്ന ഘടകം അവൻ കണ്ടെത്താതെപോവുകയാണല്ലോ. മറിച്ചാണെങ്കിലോ, ഒരോ സൂക്ഷ്മമായ അറിവും പ്രപഞ്ചനാഥന്റെ നിഗൂഢമായ വ്യവസ്ഥിതിയിലേക്കുള്ള ഒരു പ്രകാശകിരണമായിട്ടാണ് അവന് അനുഭവപ്പെടുക. അവന്ന് ദു:ഖിക്കുവാനോ വിഷമിക്കുവാനോ യാതൊന്നുമില്ല. അവൻ അല്ലാഹ്ഹുവിന്റെ ദിവ്യചൈതന്യവുമായി ചേരുവാൻ വെമ്പൽ കൊള്ളുന്ന സൂക്ഷ്മാലുവായി മാറുമെന്നതാണ് സത്യം: “തീർച്ചയായും നമ്മുടെ ദാസന്മാരിൽ അല്ലാഹ്ഹുവെ ഭയപ്പെടുന്നവർ പണ്ഡിതന്മാർ മാത്രമാണ്” എന്ന വിശുദ്ധ ഖുർആന്റെ വെളിപ്പെടുത്തൽ വിരൽ ചൂണ്ടുന്നത് ഈ വസ്തുതയിലേക്കാണ്. മതപാണ്ഡിത്യമെന്നോ ഭൗതികപാണ്ഡിത്യമെന്നോ ഒന്നും വേർതിരിക്കാത്തതാണ് ഈ ആയത്തിന്റെ സൂചന.

ഈ ലക്ഷ്യങ്ങളെ വിസ്മരിച്ചുകൊണ്ട് മുസ്ലിംകൾ നടത്തുന്ന ഏത് വിദ്യാഭ്യാസപരിശ്രമങ്ങളും ദുരന്തങ്ങൾ വരുത്തിവെക്കുമെന്നത് സംശയരഹിതമായ കാര്യമാണ്. ഈ അവബോധത്തോടുകൂടിയുള്ള വിദ്യാഭ്യാസ മുന്നേറ്റമാണ് നമുക്ക് ആവശ്യമായിട്ടുള്ളത്. അത് അഭിമാനബോധം നേടിത്തരുന്നതാണ്.

അഭിമാനബോധം സൃഷ്ടിക്കുന്ന വിദ്യാഭ്യാസമാണ് ഒരു സമൂഹത്തെ ശക്തരാക്കുന്നത്. അപകർഷതാബോധം സൃഷ്ടിക്കുന്ന വിദ്യാഭ്യാസം നമ്മെ ദുർബ്ബലരാക്കുകയാണ് ചെയ്യുക. സാങ്കേതികാർത്ഥത്തിൽ എത്ര ഉയർന്ന വിദ്യാഭ്യാസം നേടിയാലും ഇതുതന്നെയായിരിക്കും അവസ്ഥ. അഭിമാനബോധവും കരുത്തും പകരുന്ന, ആത്മവിശ്വാസം നൽകുന്ന വിദ്യാഭ്യാസം ഇസ്ലാമികരീതിയിലൂടെയാണ് നേടുവൻ സാധിക്കുക. ഏത് വിദ്യാഭ്യാസമേഖലയിലായിരുന്നാലും വിദ്യാഭ്യാസത്തിന്റെ ഇസ്ലാമികവൽക്കരണം മാത്രമാണ് ഇതിനുള്ള വഴി.

*****

Updated: 15 January 2013
**Dr. A.I. Vilayathullah.** E-mail: vilayaths@hotmail.com